ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇൻഫർമേഷൻ ടെക്നോളജി വികസിപ്പിക്കുന്നതിന്റെ ഭാഗമായി സൂപ്പർ കമ്പ്യൂട്ടറുകൾ നിർമ്മിക്കാനും സ്വന്തം സോഫ്റ്റ് വെയർ രൂപകൽപ്പന ചെയ്യാനും ഏതെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) സൂപ്പർ കമ്പ്യൂട്ടറുകളും, സോഫ്റ്റ്വെയറുകളും സ്വന്തമായി രൂപകൽപ്പന ചെയ്യാതെ സംസ്ഥാനത്ത് ഇൻഫർമേഷൻ ടെക്നോളജി വികസിപ്പിക്കാൻ കഴിയുമോ;

(സി) ഈ രംഗത്ത് ഗവേഷണം നടത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ)&(ബി) സംസ്ഥാനത്തെ ഐ.ടി. വികസനം സർക്കാർ പ്രഖ്യാപിച്ച ഐ.ടി. നയത്തിന്റെ അടിസ്ഥാനത്തിലാണ് നടത്തിവരുന്നത്. ഐ.ടി. വികസനത്തിന്റെ ഗുണങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കുക എന്നതാണ് മുഖ്യമായും നയലക്ഷ്യം. സൂപ്പർ കമ്പ്യൂട്ടറുകൾ വികസിപ്പിച്ചെടുക്കുന്നതിന് ലക്ഷ്യമിട്ടിട്ടില്ല. കാലാവസ്ഥാ ഗവേഷണം, ബഹിരാകാശ ഗവേഷണം തുടങ്ങിയ മേഖലകളിലെ ഉപയോഗങ്ങൾക്കാണ് സൂപ്പർ കമ്പ്യൂട്ടറുകൾ ആവശ്യമായി വരുന്നത്. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഐ.ടി. വികസനം നടപ്പാക്കുന്നതിന് ഇവയുടെ നേരിട്ടുള്ള ഉപയോഗം ആവശ്യമായി വരുന്നില്ല. നയരേഖയിൽ വിഭാവനം ചെയ്തിട്ടുള്ള ഐ.ടി. സർക്കാരിൽ നടപ്പാക്കലിന്റെ ഭാഗമായി, വകുപ്പുകൾ കമ്പ്യൂട്ടർവൽക്കരിക്കുമ്പോൾ, ഓരോ വകുപ്പിനും, അവരുടെ ആവശ്യകതയ്ക്കനുസരിച്ചുള്ള സോഫ്റ്റ്വെയറുകൾ വികസിപ്പിച്ചെടുക്കുന്നതാണ്.

(സി) സംസ്ഥാനത്തും പുറത്തുമുള്ള റിസർച്ച് ആന്റ് ഡെവലപ്മെന്റ് സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്കുവേണ്ടി വന്നേയ്ക്കാവുന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങളും വിദഗ്ദ്ധരും അടങ്ങുന്ന ഒരു 'സെന്റർ ഓഫ് എക്സലൻസ്' സ്ഥാപിക്കുന്നതിനും നയരേഖ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിനനുസരണമായി ഒരു 'സ്കൂൾ ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്' സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകിക്കഴിഞ്ഞു. പ്രസ്തുത സ്ഥാപനം പ്രവർത്തനസജ്ജമാകുന്നതോടെ, പ്രസ്തുത ഐ.ടി. വിഷയങ്ങളിൽ ഗവേഷണത്തിനായി മുന്നോട്ടുവരുന്ന സ്ഥാപനങ്ങൾക്ക് വേണ്ട സൗകര്യം ഉണ്ടാകുന്നതാണ്.

21 (*301) സർക്കാർ കക്ഷിയായിട്ടുള്ള വ്യവഹാരങ്ങൾ

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ കോടതികളിൽ സർക്കാർ കക്ഷിയായിട്ടുള്ള വ്യവഹാരങ്ങളുടെ പുരോഗതി കാലാകാലങ്ങളിൽ വിലയിരുത്താനും അനാവശ്യമായ കേസ്സുകൾ ഒഴിവാക്കാനും എന്തെങ്കിലും സംവിധാനം ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ലെങ്കിൽ അത്തരം ഒരു സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) ഉണ്ട്.

(ബി) 1991-93-ലെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം സെക്രട്ടേറിയറ്റിലെ നിയമവകുപ്പിൽ ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്.

ജോയിന്റ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു സെക്ഷൻ ഓഫീസറും രണ്ട് ലീഗൽ അസിസ്റ്റന്റുമാരും അടങ്ങുന്നതാണ് മോണിറ്ററിംഗ് സെൽ. വകുപ്പ് അദ്ധ്യക്ഷന്മാരുടെയും ജില്ലാ കളക്ടർമാരുടെയും ആഫീസുകളിൽനിന്നും സർക്കാർ കക്ഷിയായിട്ടുള്ള വ്യവഹാരങ്ങളുടെ പൂർണ്ണരൂപത്തിലുള്ള ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ട്. ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് മോണിറ്ററിംഗ് സെല്ലിലെ ഉദ്യോഗസ്ഥർ ഓഫീസുകൾ സന്ദർശിക്കുകയും ഫയലുകൾ പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകിവരുകയും ചെയ്യുന്നു. ലിസ്റ്റ് തരാത്ത വകുപ്പുകളിൽ നിന്നും അവ ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ ഹൈക്കോടതിയിൽ അടിയന്തിരമായി തീർപ്പാക്കേണ്ട വ്യവഹാരങ്ങളുടെ പട്ടിക വിവിധ വകുപ്പുകളിൽനിന്നും ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ആവശ്യപ്പെട്ട് അവ അഡീഷണൽ അഡ്വ. ജനറലിന് നൽകിവരുന്നുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

22 (*302) മെഡിക്കൽ കോളേജുകളെ ഇന്റർനെറ്റിലൂടെ ബന്ധപ്പെടുത്താനുള്ള നടപടി

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകളെ ഇന്റർനെറ്റിലൂടെ ബന്ധിപ്പിച്ച് രോഗികളിൽ സ്വീകരിക്കേണ്ട ചികിത്സാ തന്ത്രങ്ങൾ ഡോക്ടർമാർക്ക് പരസ്പരം ആവിഷ്കരിക്കുവാനുതകുന്ന തരത്തിലുള്ള ആശയ വിനിമയ സൗകര്യം ഏർപ്പെടുത്താനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുമോ;

(ബി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ താക്കോൽ സുഷിര സർജറി സൗകര്യമുണ്ടോ; ഇല്ലെങ്കിൽ ഏർപ്പെടുത്തുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ) 1999-2000-ത്തിലേക്കുള്ള ബഡ്ജറ്റിൽ വിവിധ മെഡിക്കൽ കോളേജുകളിലെ ലൈബ്രറികളിൽ ഇന്റർനെറ്റ് സംവിധാനം ആരംഭിക്കുവാൻ 25 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളിൽ താക്കോൽ സുഷിര സർജറി സൗകര്യം ഇപ്പോൾ തന്നെ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly